# വിരോധം ഭീകരതയോടല്ല; ഇസ്‌ലാമിനോട്

**പ്രധാനമന്ത്രി** മന്‍മോഹന്‍ സിംഗ് ഒരിക്കല്‍ പറഞ്ഞതുപോലെ ഭീകരതക്ക് മതമില്ല. എല്ലാ മതക്കാരിലും ഒരു മതവുമില്ലാത്തവരിലും ഭീകരതയുണ്ട്. ലോകത്ത് ഭീകരത വളരുന്നതിന്റെ യഥാര്‍ഥ കാരണങ്ങളും പരിഹാരമാര്‍ഗങ്ങളും അന്വേഷിക്കുന്നതില്‍നിന്ന് ബോധപൂര്‍വമോ അല്ലാതെയോ രാഷ്ട്ര നേതൃത്വങ്ങള്‍ വിട്ടുനില്‍ക്കുന്നതായാണ് കാണുന്നത്. പകരം ഇസ്‌ലാം ഭീകരതയുടെ മതമാണെന്നും മുസ്‌ലിംസമുദായം ഭീകരരുടെ സമുദായമാണെന്നും ലോക മനസ്സാക്ഷിയെക്കൊണ്ട് അംഗീകരിപ്പിക്കാന്‍ കിണഞ്ഞു ശ്രമിക്കുകയാണ് പാശ്ചാത്യ ലോകം, വിശേഷിച്ചും അമേരിക്ക. ഈ കുപ്രചാരണം ഒട്ടൊക്കെ വിജയിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. അതിന്റെ വ്യക്തമായ സൂചനയാണ് മിതവാദ മുഖമുള്ളവരില്‍ പോലും വലിയൊരു വിഭാഗം 'എല്ലാ മുസ്‌ലിംകളും ഭീകരരല്ലെങ്കിലും ഭീകരരെല്ലാം മുസ്‌ലിംകളാണ്' എന്ന ആശങ്കാജനകമായ സമവാക്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നത്.

ഇസ്‌ലാമിനെയല്ല, ഭീകരതയെയാണ് തങ്ങള്‍ എതിര്‍ക്കുന്നതെന്ന് പാശ്ചാത്യ നേതാക്കള്‍ അവരുടെ മൂടുതാങ്ങുന്ന മുസ്‌ലിംകളെ സമാധാനിപ്പിക്കാന്‍ ഇടക്കിടെ പറയാറുണ്ട്. എങ്കിലും അവരുടെ പൊതുവായ പ്രസ്താവനകളും സമീപനങ്ങളും തുറന്നുകാട്ടിത്തരുന്ന യഥാര്‍ഥ ആക്രമണലക്ഷ്യം ഇസ്‌ലാമും മൊത്തം മുസ്‌ലിം സമുദായവും തന്നെയാണ്. അടുത്ത അമേരിക്കന്‍ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന സ്ഥാനാര്‍ഥികളുടെ പ്രചാരണപ്രസംഗങ്ങള്‍ ശ്രദ്ധിച്ചാല്‍ അവരുടെ ഭീകരതാവിരോധം ഇസ്‌ലാംവിരോധത്തിന്റെ മുഖംമൂടി മാത്രമാണെന്ന് വ്യക്തമാകും. ഭീകരതാവിരുദ്ധ യുദ്ധത്തിന്റെ ഭാഗമായി മുസ്‌ലിംരാജ്യങ്ങളെ ആക്രമിച്ചു കീഴടക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നതിനെക്കുറിച്ചാണ് ഏതാണ്ടെല്ലാവരും വാചാലരാവുന്നത്. അത് അമേരിക്ക ഒറ്റക്ക് നടത്തണമോ അതല്ല ഇതര രാജ്യങ്ങളെ കൂട്ടുപിടിച്ച് നടത്തണമോ? പാകിസ്താനെപ്പോലുള്ള മുസ്‌ലിം രാജ്യങ്ങളെയാണോ ആദ്യം ആക്രമിക്കേണ്ടത് അതല്ല മുസ്‌ലിംകളുടെ പുണ്യസ്ഥലങ്ങളെയോ? ഇത്തരം ചില കാര്യങ്ങളിലേ പ്രസിഡന്റ് സ്ഥാനാര്‍ഥികള്‍ക്കിടയില്‍ തര്‍ക്കമുള്ളൂ. മക്കയിലെ മസ്ജിദുല്‍ ഹറാമും മദീനയിലെ മസ്ജിദുന്നബവിയും ബോംബിട്ടു തകര്‍ക്കണമെന്നാണ് സ്ഥാനാര്‍ഥികളിലൊരാളായ ടാന്‍ ക്രഡോ പറയുന്നത്. ഭീകരതയെ 'ഇസ്‌ലാമിക ഭീകരത' (ഇസ്‌ലാമിക് ടെററിസം) എന്നു മാത്രമേ വിളിക്കാവൂ എന്നാണ് മറ്റൊരു പ്രസിഡന്റ് സ്ഥാനാര്‍ഥി റുഡോള്‍ഫ് ഗുലിയാനിയുടെ ആഹ്വാനം. അമേരിക്കയില്‍ പ്രസിഡന്റ് സ്ഥാനാര്‍ഥികള്‍ക്ക് വോട്ടര്‍മാരെ സ്വാധീനിക്കാന്‍ ഏറ്റവും പറ്റിയ ആയുധം ഇസ്‌ലാം-മുസ്‌ലിംവിരോധവും ആക്രമണവാഞ്ഛയുമാണെന്നാണിതിനര്‍ഥം. പടിഞ്ഞാറിന്റെ യഥാര്‍ഥ ശത്രുത ആരോടാണെന്നും എന്തിനോടാണെന്നും ഇനിയും സംശയിക്കേണ്ടതുണ്ടോ?

പടിഞ്ഞാറ് ടി.വി ടോക്‌ഷോ മുതല്‍ പത്രങ്ങളിലെ കാര്‍ട്ടൂണുകള്‍ വരെ ഇസ്‌ലാംവിരുദ്ധമയമാണ്. സാധാരണ മാധ്യമങ്ങളേക്കാള്‍ ഗുരുതരമാണ് ഇന്റര്‍നെറ്റ് വഴി നടത്തിക്കൊണ്ടിരിക്കുന്ന ദൂഷണം. യാതൊരു മര്യാദയും പാലിക്കാതെ എങ്ങനെയും ഇസ്‌ലാമിനെ ഭീകരവും പ്രാകൃതവുമായി ചിത്രീകരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവര്‍ത്തിക്കുന്ന വെബ്‌സൈറ്റുകള്‍ നാള്‍ക്കുനാള്‍ വര്‍ധിച്ചുവരികയാണ്.

ഗുണകരമായ ചില വശങ്ങളും ഈ ദൂഷണ ബഹളത്തിനുണ്ട് എന്നത് ആശ്വാസദായകമാകുന്നു. പശ്ചാത്യ ലോകത്ത് ഇസ്‌ലാം സജീവമായി ചര്‍ച്ച ചെയ്യപ്പെടുന്നുവെന്നതാണ് അതിലൊന്ന്. ഇസ്‌ലാമിനെ അതിന്റെ വക്താക്കളില്‍നിന്നും പ്രമാണങ്ങളില്‍നിന്നും നേരിട്ടു മനസ്സിലാക്കാന്‍ ശ്രമിക്കുന്നവരുടെ എണ്ണം അവരില്‍ കൂടിക്കൂടി വരുന്നുണ്ട്. ഇസ്‌ലാമിനെ പടിഞ്ഞാറന്‍ സമൂഹങ്ങള്‍ക്ക് ഫലപ്രദമായി പരിചയപ്പെടുത്തിക്കൊടുക്കാന്‍ മുസ്‌ലിംകള്‍ക്ക് അവസരം തുറന്നുകിട്ടുന്നുവെന്നതാണ് മറ്റൊരു ഗുണവശം. പ്രബോധനരംഗത്ത് നിഷ്‌ക്രിയരായിരുന്ന മുസ്‌ലിംകളെ ഈ സ്ഥിതിവിശേഷം കുറച്ചൊക്കെ കര്‍മോന്മുഖരാക്കുന്നുമുണ്ട്. ഇക്കാര്യത്തില്‍ പാരമ്പര്യ മുസ്‌ലിംകളേക്കാള്‍ മുന്നിട്ടുനില്‍ക്കുന്നത് നവമുസ്‌ലിംകളാണ്. അതിനൊരു ഉദാഹരണമാണ് ന്യൂയോര്‍ക്കിലെ ജിമ്മി ഇ. ജോണ്‍സ്. 1979-ല്‍ ഇസ്‌ലാം സ്വീകരിച്ച ഇദ്ദേഹം ഇപ്പോള്‍ മാന്‍ഹട്ടന്‍ വില്ലേ കോളേജില്‍ ലോകമതങ്ങളുടെ പഠനവിഭാഗം തലവനും അവിടത്തെ മസ്ജിദിന്റെ പ്രസിഡന്റുമാണ്. ഭീകരതയെ 'ഇസ്‌ലാമിക ഭീകരത' എന്നു മാത്രമേ വിളിക്കാവൂ എന്ന, പ്രസിഡന്റ് സ്ഥാനാര്‍ഥി റുഡോള്‍ഫ് ഗുലിയാനിയുടെ നിര്‍ദേശത്തെ ജോണ്‍സ് ശക്തിയുക്തം എതിര്‍ക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "ഭീകരതയെ 'ഇസ്‌ലാമിക ഭീകരത' എന്നേ പറയാവൂ എന്ന് ശാഠ്യത്തിനു പിന്നില്‍, ഭീകരത ഇസ്‌ലാമികാധ്യാപനങ്ങളുടെയോ മൂല്യങ്ങളുടെയോ അനിഷേധ്യ ഘടകമാണെന്ന ദുര്‍ധാരണ ജനഹൃദയങ്ങളില്‍ ഊട്ടിയുറപ്പിക്കുക എന്ന കുത്സിത ലക്ഷ്യമാണുള്ളത്. അത് ഭീകരതയുടെ യഥാര്‍ഥ ആശയങ്ങളില്‍നിന്ന് ജനങ്ങളെ അകറ്റുകയും തീരെ പരിമിതമായ അര്‍ഥത്തില്‍ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. വിശാലമായ അര്‍ഥതലങ്ങളുള്ള പദമാണ് ഭീകരത. പ്രസിദ്ധ വിദ്യാഭ്യാസചിന്തകന്‍ റോബര്‍ട്ട് പീപ്പ് തന്റെ 'ഡയിംഗ് ട്യൂണ്‍' എന്ന പുസ്തകത്തില്‍ പറയുന്നു: കഴിഞ്ഞ 20 വര്‍ഷത്തിനിടയില്‍ ലോകത്ത് നടന്ന ഭീകര സംഭവങ്ങളില്‍ ബഹുഭൂരിപക്ഷത്തിന്റെയും കാരണം ഒന്നുകില്‍ വംശീയമോ അല്ലെങ്കില്‍ രാഷ്ട്രീയമോ ആകുന്നു. മൊത്തം സംഭവങ്ങളില്‍ വളരെ വിരളമാണ് മതപരമായ കാരണങ്ങള്‍ കൊണ്ടുണ്ടായവ." 'ഇസ്‌ലാമിക ഭീകരത' എന്ന പ്രയോഗം ലോകത്തിലെ നൂറ്റമ്പത് കോടിയോളം വരുന്ന മുസ്‌ലിംകളെ ഒന്നടങ്കം നിന്ദിക്കുന്നതാണെന്നും പ്രഫ. ജോണ്‍സ് ചൂണ്ടിക്കാണിച്ചു. പ്രസിഡന്റ് സ്ഥാനാര്‍ഥികളെപ്പോലുള്ള ഉന്നതര്‍ ഇത്തരം പ്രസ്താവനകള്‍ നടത്തുന്നതില്‍ അദ്ദേഹം കടുത്ത പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു.

പ്രഫ. ജിമ്മി ഇ. ജോണ്‍സിന്റെ പ്രതിഷേധം ഒരു നിസ്സാര സംഭവമല്ല. ലോക മുസ്‌ലിംകളെല്ലാവരും പങ്കുചേരേണ്ട മഹാകാര്യം തന്നെയാണത്. പക്ഷേ, ഹറമുകള്‍ക്കു നേരെ ഭീഷണിയുയര്‍ത്തിയപ്പോള്‍ പോലും മുസ്‌ലിംലോകത്തുനിന്ന് കാര്യമായ പ്രതിഷേധമുയരുകയുണ്ടായില്ല. ഇത് അത്തരം പ്രസ്താവനകള്‍ ആവര്‍ത്തിക്കാന്‍ തല്‍പരകക്ഷികള്‍ക്ക് പ്രോത്സാഹനമാകുന്നു. രാഷ്ട്രനായകരുടെ ഇന്നത്തെ പ്രസ്താവനകളാണ് നാളെ പ്രവര്‍ത്തനങ്ങളായി മാറുന്നതെന്ന കാര്യം അവഗണിച്ചുകൂടാ. ■